പുണ്യഭൂമി
1182 വൃശ്ചികം 10

ഹരിവരാസനം പദ്ധതി ജഗദ്ഗുരുവിന്റെ നിത്യസ്മാരകമാകണം

ആഗോള ഹിന്ദുസമൂഹത്തിന് പ്രകാശവും ആവേശവും പകർന്ന ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതി ഇന്നലെ അപരാഹ്നത്തിൽ സമാധിസ്ഥനായതോടുകൂടി ജ്യോതിക്ഷേത്രം ഒരു യുഗപ്രകാശത്തിന്റെ പുണ്യസ്ഥാനമായി.

ആ മഹാത്മാവിന് ഒരു പാട് സ്വപ്നങ്ങളുണ്ടായിരുന്നു. ഹിന്ദുവിന്റെ ഐക്യവും അവന്റെ സാമ്പത്തിക കരുത്തും ഹിന്ദുസമൂഹത്തിന്റെ പോരാട്ടവീര്യവും വീണ്ടെടുക്കാൻ അദ്ദേഹം നടത്തിയ സന്ധിയില്ലാത്ത സമരങ്ങൾ ആ സ്വപ്നത്തിന്റെ ഭാഗമായിരുന്നു. വലിയൊരളവു വരെ ആ പടയോട്ടം വിജയിച്ചതിന്റെ സ്മാരകങ്ങളാണ് പാലുകാച്ചിമലയും നിലയ്ക്കലും മുതൽ രാമജന്മഭൂമിയിലെ ശിലാന്യാസം വരെ.

പക്ഷേ അവസാന നാളുകളിൽ, സമാധിക്കു തൊട്ടുമുമ്പ് അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞുനിന്ന ഒരു സ്വപ്നമുണ്ടായിരുന്നു. ലോകത്തെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായ ശബരിമലയുടെ വികസനത്തിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാനായ ജഗദ്ഗുരുതന്നെ രൂപകൽപ്പന ചെയ്ത ഹരിവരാസനം പദ്ധതി നടപ്പിലായികാണണമെന്ന സ്വപ്നം. വിശ്രുത അമേരിക്കൻ വാസ്തുശിൽപ്പിയായ ഹാർബി പോലും മുക്തകണ്ഠം പ്രകീർത്തിച്ച ആ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ട് അടുത്ത മാസം ആറിന് പത്തു വർഷം തികയുന്നു.

ഹരിവരാസനം പദ്ധതി നടപ്പാക്കുമ്പോൾ കോടികളുടെ വെട്ടിപ്പു നടക്കാനുള്ള പഴുതുകളെല്ലാം അടച്ചിരുന്നു. പക്ഷേ ഒരു കൊച്ചു പഴുതിട്ടാൽ ആ പദ്ധതിയിലൂടെ ദുഷ്ടബുദ്ധികൾക്കും വക്രബുദ്ധികൾക്കും കോടികൾ ചോർത്തിയെടുക്കാം. പത്തുവർഷക്കാലം തിരുവിതാംകൂർ ദേവസ്വം ബോർഡ് പൂഴ്ത്തിവച്ചിരുന്ന ഹരിവരാസനം പദ്ധതി ഇക്കോസ്മാർട്ട് എന്ന സ്ഥാപനം റാഞ്ചിക്കൊണ്ടുപോയി എന്ന സംശയം സമാധിക്ക് ഒരാഴ്ച മുമ്പ് സ്വാമിജി പ്രകടിപ്പിച്ചിരുന്നു.

ഞങ്ങളുടെ അന്വേഷണത്തിൽ സ്വാമിജിയുടെ സംശയം ശരിയായിരുന്നു. ഹരിവരാസനം പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില ഉന്നതരുടെ ഒത്താശയോടെ എക്കോസ്മാർട്ട് റാഞ്ചിക്കൊണ്ടു പോവുകയും അത് പകർത്തിയെഴുതി മാസ്റ്റർപ്ലാനെന്ന പേരിൽ ദേവസ്വം ബോർഡിന് സമർപ്പിച്ച് തൊണ്ണൂറ് ലക്ഷം രൂപ തട്ടിയെടുത്തുവെന്നുമുള്ള ഞെട്ടിപ്പിക്കുന്ന വാർത്ത ഇക്കാര്യം സ്വാമിജി ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയ അന്നുതന്നെ സ്ഥിരീകരിക്കപ്പെട്ടു. ഈ വാർത്ത ഞങ്ങൾ സ്വാമിജിയെ അറിയിക്കുകയും ചെയ്തു.

കോടിക്കണക്കിന് അയ്യപ്പഭക്തന്മാരുടെ ദുരിത നിവാരണത്തിനുവേണ്ടിയും കലിയുഗവരദന്റെ പുണ്യഭൂമിയുടെ വികസനത്തിനു വേണ്ടിയും തയ്യാറാക്കിയ ആ മാസ്റ്റർപ്ലാൻ ഭക്തകോടികളുടെ കാണിക്കകൊള്ളയടിക്കാനുള്ള രൂപരേഖയാക്കി മാറ്റുകയാണെങ്കിൽ നിയമനടപടികൾക്കുപോലും നാം മുന്നിട്ടിറങ്ങണമെന്ന നിർദ്ദേശം നൽകിയശേഷമാണ് ജഗദ്ഗുരു മഹാസമാധിയായത്.

അദ്ദേഹത്തിന്റെ ആജ്ഞ ഞങ്ങൾ ശിരസാവഹിക്കുമെന്നും ഹരിവരാസനം പദ്ധതി എന്ന ആ മഹാഗുരുവിന്റെ സ്വപ്നപദ്ധതി ആരും കവർന്നെടുക്കാതിരിക്കാൻ ആവുന്നതെല്ലാം ചെയ്യുമെന്നും ഞങ്ങൾ പ്രതിജ്ഞയെടുക്കുന്നു.

കേന്ദ്ര പ്രതിരോധമന്ത്രി എ.കെ.ആന്റണി തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞ ഒരു വാചകം ശ്രദ്ധേയമാണ്: 'ശബരിമലയുടെ വികസനത്തിനുവേണ്ടി സ്വാമി സത്യാനന്ദ സരസ്വതി രൂപകൽപ്പന ചെയ്ത ഹരിവരാസനം പദ്ധതി നടപ്പാക്കുകയാണ് അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താനുള്ള ഏറ്റവും വലിയ സ്മാരകം.'

ആന്റണിയുടെ ഈ വാക്കുകൾ ഞങ്ങൾ ഇടതുമുന്നണി സർക്കാരിന്റെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും മുന്നിൽ സമർപ്പിക്കുന്നു. ശബരിമലയുടെ വികസനവും ഭക്തകോടികളുടെ ക്ഷേമവും ദുരിത നിവാരണവും മാത്രം ലക്ഷ്യമാക്കിയുള്ള ഹരിവരാസനം പദ്ധതി നടപ്പാക്കാൻ കക്ഷിചിന്തകളും മതചിന്തകളും വെടിഞ്ഞ് എല്ലാ ജനവിഭാഗങ്ങളും സർക്കാരും ഒന്നിച്ച് അണിനിരക്കണമെന്ന് ഞങ്ങൾ ഹൃദയപൂർവ്വം അപേക്ഷിക്കുന്നു.

ജഗദ്ഗുരു സ്വാമി സത്യാനന്ദസരസ്വതിയുടെ സ്വപ്നപദ്ധതിയായ ഹരിവരാസനം പ്രോജക്ട്

ശബരിമലയുടെ ഇന്നത്തെ അവസ്ഥ ക്ഷേത്രത്തിന്റെ പവിത്രതയെയും തീർത്ഥാടകരുടെ സങ്കൽപ്പത്തെയും തകർത്തുകൊണ്ടിരിക്കുന്നു. കേരളചരിത്രത്തിൽ സമാരാധ്യമായ സ്ഥാനമാണ് ശ്രീ. അയ്യപ്പനുള്ളത്. ചിരപുരാതനകാലം മുതൽ തന്നെ അയ്യപ്പഭക്തന്മാർ എരുമേലി, വണ്ടിപ്പെരിയാർ, ചാലക്കയം-പമ്പ എന്നീ വഴികളിലൂടെ ചെറിയ ചെറിയ സംഘങ്ങളായി ശബരിമലയിൽ എത്തിയിരുന്നു. കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി വർഷംതോറും തീർത്ഥാടകരുടെ എണ്ണം മൂന്നിരട്ടിവീതം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. സമീപ സംസ്ഥാനങ്ങളിൽ നിന്നുകൂടി അയ്യപ്പഭക്തന്മാരുടെ പ്രവാഹം ആരംഭിച്ചതോടെ ലക്ഷങ്ങൾ കോടികളായി മാറി. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും ശുചിത്വമില്ലായ്മയും സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾക്കു വഴി തെളിച്ചു. കുടിവെള്ള ക്ഷാമം നിത്യ സംഭവമായി. മലിനജലം സാംക്രമിക രോഗങ്ങൾക്കു കാരണമായി. ക്ഷേത്രസങ്കൽപങ്ങൾക്കും ശാസ്ത്രത്തിനും വിരുദ്ധമായി ക്ഷേത്രത്തിനു സമീപം മുന്നിലായി കക്കൂസുകൾ നിർമ്മിക്കുകയും ഭസ്മക്കുളത്തിന് ക്ഷേത്രത്തിന്റെ പിന്നിൽ സ്ഥാനം നൽകുകയും ചെയ്തിരിക്കുകയാണ്. ദർശനം നടത്തുന്നതിനുവേണ്ടി ശ്രീ. അയ്യപ്പവിഗ്രഹത്തെക്കാൾ ഉയർന്ന വഴിയിലൂടെയാണ് ഭക്തന്മാർ കടന്നു വരുന്നത്. പരമ്പരാഗതമായ ആചാരമര്യാദകൾക്കും തന്ത്രവിധിക്കും തികച്ചും വിരുദ്ധമാണ് ഈ സംവിധാനം.


ഓം
സദ്ഗുരവേ നമഃ
ഹരിവരാസനം പ്രോജക്ട്
(ശബരിമല സമഗ്ര വികസന പദ്ധതി)

സമർപ്പണം	:	ഹിന്ദു ഐക്യവേദി
മാസ്റ്റർ പ്ലാൻ രൂപകൽപന	:	സ്വാമി സത്യാനന്ദസരസ്വതി (ചെയർമാൻ, ഹിന്ദു ഐക്യവേദി)
ഡ്രായിംഗ്	:	പ്രമോദ് കെ.വി.
സഹായി	:	വിവേകാനന്ദ പൈ
പെയിന്റിംഗ്	:	സെൽവരാജ്

ഹരിവരാസനം പ്രോജക്ട് ഭാഗീകമായോ പൂർണമായോ പകർത്തുകയോ അനുകരിക്കുകയോ ചെയ്ത് മറ്റേതെങ്കിലും മാസ്റ്റർ പ്ലാൻ ശബരിമല വികസനത്തിന്റെ പേരിൽ ആരെങ്കിലും തയ്യാറാക്കിയാൽ അത് കുറ്റകരവും സിവിൽ ക്രിമിനൽ നിയമ നടപടികൾക്ക് വിധേയമായിരിക്കും.

ശ്രീരാമദാസാശ്രമം ട്രസ്റ്റ്

ചേങ്കോട്ടുകോണം,തിരുവനന്തപുരം.

ഭരണകാര്യങ്ങളിലുള്ള അപ്രാപ്തിയും ക്ഷേത്രകാര്യങ്ങളിലുള്ള അറിവില്ലായ്മയും പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. വർഷംതോറും വർദ്ധിച്ചുവരുന്ന ഭക്തജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സ്ഥായിയായ സൗകര്യങ്ങളോ സംവിധാനങ്ങളോ ഉണ്ടാക്കുവാൻ ദേവസ്വം ബോർഡിന് കഴിയുന്നില്ല. താൽകാലിക സൗകര്യങ്ങൾ മാത്രമാണ് പരിമിതമായ തോതിൽ ലഭ്യമാക്കുവാൻ കഴിയുന്നത്. ചുരുങ്ങിയത് നൂറു കൊല്ലത്തെ വളർച്ച മുന്നിൽകണ്ടുകൊണ്ടുള്ള സമഗ്രവും സമ്പൂർണ്ണവുമായ ഒരു പദ്ധതിക്കാണ് ശബരിമലയിൽ രൂപം കൊണ്ടുക്കേണ്ടത്. ഈ പദ്ധതി നടപ്പാക്കുവാൻ വൈകുന്തോറും ഭീമമായ നഷ്ടം സഹിച്ചുകൊണ്ടുമാത്രമേ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.

ശബരിമല മഹാസന്നിധാനത്തിന്റെ മാസ്റ്റർ പ്ലാൻ രൂപം കൊള്ളുന്നത് ഹിന്ദു ഐക്യവേദി സംഘടിപ്പിച്ച കുന്നാർ ജലസംഭരണിയിലേക്കുള്ള യാത്രയോടുകൂടിയാണ്. അനന്തരമുള്ള ശബരിമല ശുചീകരണ പരിപാടി (1994) ചത്ത കഴുതകളും നാലരക്കൊല്ലം കൊണ്ടു കുന്നുകൂടിയ മാലിന്യങ്ങളും നീക്കം ചെയ്തു കൊണ്ടുള്ളതാണ്.

ശബരിമല വികസനത്തിന്റെ സമഗ്രപദ്ധതിയുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ രൂപകൽപ്പന

പ്രസാദം - 2.7 മീറ്റർ
തിരുമാറ്റം - 40.5 മീറ്റർ
മഹാസന്നിധാനം - 81 മീറ്റർ
സന്നിധാനം - 162 മീറ്റർ
അന്തഹാരം - 205.5 മീറ്റർ
പരിക്രമണപഥം - 364.5 മീറ്റർ
ബാഹ്യപ്രാകാരം - 607.5 മീറ്റർ

എന്നിപ്രകാരമാണ് പഞ്ചപ്രാകാരങ്ങളോടുകൂടിയ ശബരിമല തിരുസന്നിധിയുടെ മാസ്റ്റർ പ്ലാൻ (സമഗ്ര പദ്ധതി) തയ്യാറാക്കിയിരിക്കുന്നത്. ഓരോ പ്രാകാരവും 18 അടി ഉയരത്തിന്റെ വ്യത്യാസത്തോടുകൂടി ശ്രീകോവിലിന്റെ നാലു ഭാഗത്തേക്കും തുല്യമായി വ്യാപിച്ചു കിടക്കുന്നു.ഓരോ പ്രാകാരവും നാലു ഗോപുരങ്ങളോടുകൂടിയതും അവയെ കൂട്ടിയിണക്കുന്ന പടികളോടു ചേർന്നിട്ടുള്ളതുമാണ്. ബ്രഹ്മസൂത്രം യമസൂത്രം മൃത്യുസൂത്രം കർണ്ണസൂത്രം എന്നിങ്ങനെയുള്ള തന്ത്രപ്രധാനമായ ക്ഷേത്രസങ്കൽപ്പങ്ങൾ അടയാത്തവണ്ണം തുറന്ന പഥങ്ങളായി സംയോജിപ്പിക്കപ്പെട്ടിട്ടുണ്ട്. സൂത്രപഥങ്ങളെ കൂട്ടിയിണക്കുന്ന വൃത്താകൃതിയിലുള്ള പ്രാകാരപഥങ്ങളുമുണ്ട്. പരിക്രമപഥങ്ങൾക്ക് ഇരുഭാഗത്തുമായിട്ടാണ് ബാഹ്യപ്രാകാരസ്ഥാനത്ത് ആശുപത്രികളും മറ്റു സാമൂഹ്യസേവന സ്ഥാപനങ്ങൾ ബഹുഭാഷാ മന്ദിരങ്ങൾ സ്വകാര്യ മന്ദിരങ്ങൾ ഇവയും പണിതിട്ടുള്ളത്. തീർത്ഥാടന മുഖ്യപാതകളെ പ്രാകാരങ്ങളുമായി കൂട്ടിയിണക്കുന്ന വിസ്തൃതമായ പാലങ്ങൾ തെക്കുപടിഞ്ഞാറും വടക്കു കിഴക്കും ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. കുമ്പളംതോട് കാക്കത്തോട് കുന്നാർ ഡാം എന്നിവിടങ്ങളിൽ നിന്നാണ് ജലവിതരണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. വേണ്ടിവന്നാൽ പമ്പയിൽനിന്നും ജലസംഭരണം നടത്താവുന്നതാണ്.

ഫ്ളൈ ഓവർ

തിരുമുറ്റവും മാളികപ്പുറം ക്ഷേത്രവും ബന്ധിപ്പിച്ചുകൊണ്ട് തിരുമുറ്റത്തിന് ഒമ്പത് അടി താഴെയായി ഒരു ഫ്ളൈ ഓവർ നിർമ്മിക്കണം.

യജ്ഞമണ്ഡപം

പതിനെട്ടാം പടിക്കു ചുറ്റിനുമുള്ള മതിൽകെട്ടിനു പുറമെ യജ്ഞമണ്ഡപമെന്ന പേരിൽ ഒരു നിലക്കെട്ടിടം പണിതീർക്കണം. ഇത് ക്ഷേത്രകലയ്ക്ക് യോജിച്ചതായിരിക്കണം. ഇതിന്റെ എട്ടു കോണുകളിലായി പുറത്തേക്കു തള്ളിനിൽക്കുന്ന പ്രത്യേക സൗധങ്ങളുണ്ടാകും. ഇവ ഓരോന്നും യജ്ഞത്തിനാവശ്യമുള്ള സാധനസാമഗ്രികൾ സൂക്ഷിക്കുന്നതിനും പ്രഭാഷണവേദിയൊരുക്കുന്നതിനും പ്രയോജനപ്പെടും.

തടപ്പള്ളിയും തന്ത്രിമന്ദിരവും

തടപ്പള്ളിയും തന്ത്രിമന്ദിരവും തിരുമുറ്റത്തിന് (ശ്രീകോവിലിന് വലതുവശത്ത് - അഗ്നികോണിൽ - ഭൂമിക്കടിയിൽ) വെളിയിൽ (മഹാസന്നിധാനപ്രദേശത്ത്) നിർമ്മിക്കേണ്ടതാണ്. അവിടെനിന്ന് തന്ത്രിക്ക് ശ്രീകോവിലെത്തുന്നതിന് ഒരു ഭൂഗർഭപാത സജ്ജമാക്കണം. അത് നിവേദ്യത്തിന്റെയും പൂജയുടെയും സംശുദ്ധിക്കു പ്രയോജനപ്പെടും. തീർത്ഥാടകരുടെ തള്ളലിൽപ്പെടാതെ കുളികഴിഞ്ഞ് പൂജക്കെത്തുന്നതിന് ഈ പാത സഹായകമാണ്. അവിടെനിന്ന് പ്രസാദവിതരണ മന്ദിരങ്ങളിലേക്ക് പ്രസാദം കൊണ്ടുപോകുവാനും പ്രത്യേക പാതയുണ്ടാകണം.

'ശ്രദ്ധാഭക്തി പവിത്രിതോപഹരണൈ' എന്ന തന്ത്രസമുച്ചയഭാഗം ഇതിന് പ്രത്യേക ഊന്നൽ നൽകുന്നു.

ഗോപുരം

ഓരോ പ്രാകാരത്തിനും നന്നാലു ഗോപുരങ്ങളുണ്ടാകും. അങ്ങനെ പഞ്ചപ്രാകാരങ്ങൾക്കും വെളിയിലായി ഗോപുരസമുച്ചയം നിർമ്മിക്കപ്പെടും. ഗോപുരങ്ങളിൽനിന്ന് ഓരോ പ്രാകാരത്തിലും ഇറങ്ങുവാനും കയറുവാനും പടികളുണ്ടാവും.

നിരീക്ഷണശാലകൾ

ഓരോ ഗോപുരത്തിനും മുകളിൽ സുരക്ഷാവിഭാഗത്തിന് ഉപകരിക്കത്തക്കരീതിയിൽ നിരീക്ഷണശാലകൾ ഉണ്ടായിരിക്കണം. ഇവയിൽ ഓരോന്നിലും ഫോക്കസ് ലൈറ്റുകൾ സെർച്ച ലൈറ്റുകൾ ദൂരദർശിനി വയർലസ് സംവിധാനം ഇവയുണ്ടാകും.

മറ്റു കെട്ടിടങ്ങൾ

ബാഹ്യപ്രകാരത്തിൽനിന്ന് ശ്രീകോവിലിലേക്കുള്ള ദർശനം തടസ്സപ്പെടാത്തവിധമാണ് ഓരോ പ്രാകാരത്തിന്റെ തുടക്കത്തിലും ഇരുനില കെട്ടിടങ്ങൾ പണിതീർക്കുന്നത്. പതിനെട്ടാം പടികളും ശ്രീകോവിലും ഈ പ്രാകാരപരിധിയിൽ നിന്നുകൊണ്ട് എപ്പോഴും നിരീക്ഷിക്കാവുന്നതാണ്.

സന്നദ്ധസേവാ സ്ഥാനങ്ങൾ

സന്നദ്ധ സേവകർക്ക് എല്ലാ പ്രാകാരത്തിനു ചുറ്റിലും സന്നദ്ധ സേവാസ്ഥാപനങ്ങൾ ഉണ്ടാകും. ശുചിത്വം പാലിക്കുന്നതിനും മലമൂത്രവിസ്സർജ്ജനം തുടങ്ങിയവ നിശ്ചിത സ്ഥാനങ്ങളിലല്ലാതെ നടത്തുന്നതു തടയുന്നതിനും ഉള്ള ചുമതല വാളണ്ടിയർമാർക്കാണ്. ഭക്തജനങ്ങളുടെ പ്രയാസങ്ങളും ആവശ്യങ്ങളും അറിഞ്ഞ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ സഹായാഭ്യർത്ഥന നൽകേണ്ടതും വാളണ്ടിയർമാരുടെ ചുമതലയാണ്.

ആശുപത്രി

പമ്പയിൽനിന്നു വരുന്ന തീർത്ഥാടകർക്കും സന്നിധാനത്ത് എത്തിചേരുന്ന പ്രാകാരവാസികളായ മറ്റു തീർത്ഥാടകർക്കും ഒരേപോലെ സൗകര്യപ്പെടത്തക്ക രീതിയിലാണ് ആശുപത്രിയുടെ സ്ഥലവും സൗകര്യങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ബാഹ്യപ്രാകാരത്തിൽ മരക്കൂട്ടം റോഡിനു സമീപമാണ് ആശുപത്രിമന്ദിരങ്ങൾ ഉണ്ടാകേണ്ടത്. ഹൃദ്രോഗ ചികിത്സാവിഭാഗമുൾപ്പെടെയുള്ള സംവിധാനങ്ങൾ ഉള്ളവയായിരിക്കണം ആശുപത്രി. പ്രാകാരങ്ങളിൽനിന്ന് ആശുപത്രിയിലേക്കുള്ള വഴികൾ പരസ്പരം ബന്ധപ്പിക്കപ്പെട്ടിട്ടുണ്ട്. ആശുപത്രിയിൽ രോഗികളെ എത്തിക്കുന്നത് ഇലക്ട്രിക് ട്രോളി പ്രയോജനപ്പെടുത്താവുന്നതാണ്.

തുടരും....

പാശ്ചാത്യപാരമ്പര്യമുള്ള കനോൻ നിയമങ്ങൾ മറക്കാൻ ഇന്ത്യയിൽ നിയമനിർമാണം വേണം - 4

വിദ്യാഭ്യാസ സംസ്കൃതിയെ വളർത്തിയെടുക്കാൻ നട്ടെല്ലുള്ള ഭരണവർഗ്ഗം ഇവിടെയുണ്ടാകണം

ജോസഫ് പുലിക്കുന്നേൽ

വഴിയോരവാണിഭങ്ങൾപോലെ നാടുനീളെ പെരുകിയിട്ടുള്ള പെൺവാണിഭത്തിനു നക്ഷത്രപ്പെരുമയും സാംസ്കാരികപ്പൊലിമയും ഉന്നതങ്ങളിൽ അന്തസ്സും പകർന്നു നൽകിയിട്ടുള്ള വഴീക്കോടന്മാരെ ആനയും അമ്പാരിയും ആലവട്ടവും പെൺചാമരങ്ങളും അകമ്പടിക്കു താലപ്പൊലിയേന്തിയ തരുണീമണികളേയും നിരത്തി ആദരിക്കുന്നു.

അപ്രകാരം അരങ്ങു തകർക്കുന്ന സാംസ്കാരിക വിപ്ലവനായകന്മാരെയും അവരുടെ രചനകളേയും ഉദ്ബോധനങ്ങളേയും പാഠ്യവിഷയങ്ങളാക്കുകയും മധുരിമയോടെ കൊതിവെള്ളമൊലിപ്പിച്ചും ഇളിച്ചുനില്ക്കുന്നു. നവകേരളം. അവയെല്ലാം ഗവേഷണ വിഷയങ്ങളും ചർച്ചാവിഷയങ്ങളുമാക്കിമാറ്റി വിദ്യാഭ്യാസ മഹിമയെ പൊലിപ്പിച്ചുകൊണ്ടിരിക്കുന്നു.

അർദ്ധനഗ്നതയും സമ്പൂർണ്ണ നഗ്നതയും എവിടെയും പ്രദർശിപ്പിച്ചും പ്രകടിപ്പിച്ചും കശാക്കിമാറ്റിക്കൊണ്ടിരിക്കുന്ന അഭിനവദൃശ്യമാദ്ധ്യമവിശ്വ സുന്ദരിമാരെ അന്തമായി അനുകരിച്ച് ഉടുത്തൊരുങ്ങുന്ന കേരളസ്ത്രീത്വത്തിന് അതിന്റെ നിലയ്ക്കും ശരാശരിക്കുമൊപ്പം സ്ത്രീപീഢനങ്ങൾ വെളിച്ചം കാണുന്നില്ലെന്നുള്ളത് സംശയത്തിനിട നൽകുന്ന കാര്യമാണ്. എയ്ഡ്സും ചിക്കൻഗുനിയയും അതുപോലെ പകരമില്ലാത്ത പകർച്ചവ്യാധികൾ പരക്കെ പടർന്നുപിടിച്ചിട്ടുള്ളതുപോലെ നപുംസകത്വവും മലയാളിയുടെ തറവാട്ടുസ്വത്തായി മാറിക്കിട്ടിയിട്ടുണ്ടോ? എന്തോ? അപ്രകാരമല്ലെങ്കിൽ മലയാളിപുരുഷത്വത്തിന്റെ ആത്മസംയമനവും വികാരനിയന്ത്രണശേഷിയും ശ്ലാഘനീയംതന്നെ. എന്നെ ഒന്നെങ്കിലും തൊട്ടേകടന്നു പോകാവൂ എന്ന് ഭാവാദികളാൽ മാടിവിളിക്കുകയും സീരിയലുകളുടേയും സിനിമകളുടേയും മായികലോകത്ത് മുഖംകാട്ടാൻ അവസരമേകാമെന്ന് ഞൊട്ടിവിളിച്ചാൽ പിന്നാലെ പായാനും മറ്റെല്ലാം സ്വയംമറന്ന് എല്ലാം കാഴ്ചവെയ്ക്കുന്ന സ്ത്രീത്വത്തിന്റെ ചപലതയും ഏറിയിരിക്കുന്നു മലയാളിമങ്കമാരിൽ. പുരുഷനൊപ്പം സമത്വമേതിലും അവകാശവും ജന്മദായകവുമായി പിടിച്ചെടുക്കാൻ ഏതുപടയൊരുക്കത്തിനും പിന്നോക്കം പോകാൻ തയ്യാറാകാതെ മനക്കരുത്തുകാട്ടുന്ന മലയാളീസ്ത്രീസമൂഹം പ്രസവിക്കുവാനുള്ള അവകാശം സ്ത്രീകളുടെ മാത്രം കുത്തകാവകാശവും ജന്മസിദ്ധവും പ്രകൃതിദായകവുമാണെന്നുള്ളത് പലപ്പോഴും മറന്നുപോകുന്നു.

ഇപ്രകാരം എണ്ണമെടുത്തെഴുതിയാൽ ഒടുങ്ങാത്തത്ര അധർമ്മാചരണങ്ങൾ പടർന്നു പിടിച്ചിരിക്കുന്നു. സമൂഹത്തിലും ജനഹൃദയങ്ങളിലും. ഭീകരവാദം, അതിന്റെ പ്രവർത്തനം, അരാജകത്വം, അധാർമ്മിക വൃത്തികളുടെ ആധിക്യം, സ്ത്രീപീഢനങ്ങൾ, കുടുംബകോടതികളിൽ നാൾക്കുനാൾ കുന്നുകൂടുന്ന കേസുകൾ, എന്നുവേണ്ട സമൂഹത്തിലെ എല്ലാ അപച്യുതികൾക്കും അധാർമിക പ്രവർത്തനങ്ങളുടെ ആധിക്യത്തിനും അടിസ്ഥാന കാരണം നാടിന്റെ പൈതൃകത്തെ മറന്നുള്ള-സംസ്കാരത്തെ പിന്തള്ളിയുള്ള-അധമവിദ്യാഭ്യാസ സമ്പ്രദായങ്ങൾ തന്നെയാണെന്ന് ഉപരിപ്ലവമായി പരതിയാൽതന്നെ മനസ്സിലാക്കാവുന്നതാണ്.

സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം, ശമം, ദമം, ജീവകാരുണ്യം, ഈശ്വരവിശ്വാസം, ശ്രദ്ധ, വിനയം, ഔദാര്യം, ഗുരുഭക്തി, ത്യാഗം, വൈരാഗ്യം, നിസ്സംഗത, ധർമ്മനിഷ്ഠ, വിവേകം, കുലീനത എന്നിങ്ങനെയുള്ള ഒട്ടേറെ ഗുണങ്ങളും അടിസ്ഥാന ഘടകങ്ങളും ലക്ഷണങ്ങളുമായിട്ടുള്ള ഭാരതീയ സംസ്കാരത്തിൽ ഈ ഘടകങ്ങളുടെ സമ്പൂർണ്ണതയേയും സമഗ്രമായി ഉൾക്കൊള്ളിച്ചും ബന്ധപ്പെടുത്തിയിട്ടുമുള്ള വിദ്യാഭ്യാസ രീതിയും പാഠ്യപദ്ധതികളുമായിരുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാഥമികതലം മുതൽ വിദ്യാഭ്യാസരംഗത്ത് കേരളം പരമ്പരാഗതമായി സ്വീകരിച്ചുവന്നിരുന്നത്. ഇതിനെയൊക്കെയാണ് സമൂലം അവസാനം കുറിച്ചുകൊണ്ട് കൊല്ലിനും കൊലവിളിക്കും സ്വാർത്ഥതയ്ക്കും അധർമ്മാചരണങ്ങൾക്കും അഴിമതികൾക്കും പ്രചോദനമേകി. സമഗ്രാനുമതിയും ആശയവും പകർന്നുനൽകുന്നു വിദ്യാഭ്യാസത്തിലേക്ക് ആ രംഗം വഴുതിമാറിയത്.

എല്ലാ മതങ്ങളുടേയും സാരാംശവും സത്യാംശവും ഗ്രഹിക്കുവാൻ വിദ്യാർത്ഥികൾക്ക് ഇടവരട്ടെ. പഠനശേഷം അവരവർ സ്വയം തീരുമാനിക്കട്ടെ പരസ്പരം തലതല്ലി കീറണമോയെന്ന്. മതങ്ങളുടെ പ്രാഗത്ഭ്യത്തിന്റേയും മഹിമയുടേയും ഏറ്റകുറച്ചിലുകളെ പറ്റി പ്രസംഗിച്ച് കലാപങ്ങളും തലതല്ലികീറലുകളും മതപരിവർത്തനശ്രമങ്ങളും അവശ്യമാണോയെന്ന്. അതിനുള്ള സൗമനസ്യം ഇവിടെ ഭീകരവാദം വളർത്തുന്നവർക്കുണ്ടോ? അതിനുള്ള ആർജ്ജവം മതമഹിമകളെ കവലകളിൽ പാടിപ്പുകഴ്ത്തി ആളുകളെ മയക്കുവാൻ ആഗ്രഹിക്കുന്നവർക്കുണ്ടോ. അപ്രകാരമുള്ള വിദ്യാഭ്യാസ സാംസ്കൃതിയെ വാർത്തെടുക്കുവാൻ, അരങ്ങെത്തിയ്ക്കുവാൻ നട്ടെല്ലുള്ള ഭരണാധികാരി വർഗ്ഗവും നേതൃത്വവും ഉണ്ടാകണം. അതുണ്ടായാൽ മാത്രമേ ഈ നാടിനുശാശ്വതമായ മോചനമുള്ളൂ. ഭീകരവാദത്തിനു ശമനമുണ്ടാകൂ. സാമൂഹ്യപ്രതിബദ്ധതയും, സ്നേഹവും, സഹകരണവും, സമത്വവും, സഹോദര്യവും, സർവ്വമംഗളങ്ങളും ആർജ്ജിച്ചിട്ടുള്ള ജനപഥങ്ങളുമുണ്ടാകൂ. ഈ നാടുനന്നാകൂ. ഈ നാട് ദൈവത്തിന്റെ സ്വന്തം നാടായിമാറൂ. അതിനാൽ ഒരുമിച്ച് ആഗ്രഹിക്കാം ആവശ്യപ്പെടാം. വിദ്യാഭ്യാസരംഗത്ത് സമൂലപരിവർത്തനം അടിയന്തിരമായും അനിവാര്യമാണ്.

മനസാസ്മരാമി

സുദർശനൻ കാർത്തികപറമ്പിൽ

ജ്ഞാനംപുലർന്നുപുതുപുഞ്ചിരിഹാ!വിരിഞ്ഞു;
സ്നേഹംതെളിഞ്ഞുമനമാകെമണംചൊരിഞ്ഞും
നിൻനാമമെന്നുമകമേതുണയേകിടാനാ-
യുണ്ടാകണം മമഗുരോ, മമഹൃത്തടത്തിൽ.

2

നീരന്ധ്രനീരദനിശീഥനിശാന്തഭാവം
നീയെന്തിനെന്നിലിഹതൂകുവതിന്നുനിത്യം
നീയൊന്നുതാനഭയമെന്നുമഭൗമസത്യ-
ത്തൂവെണ്ണിലാവൊളികണക്കെയെനിക്കുമുന്നിൽ.

3

നിൻകർമ്മമാർഗമതുകണ്ടുകവിത്വമാർന്നേ-
നൻപുറ്റകർമ്മപഥസഞ്ചലനത്തിനായി
വമ്പറ്റുകമ്പമിവിടിക്ഷിതിയിങ്കൽനിന്നും
മുമ്പേവെടിഞ്ഞുപുനരങ്ങനെയിങ്ങുനിൽപ്പൂ

4

മൂകാംബികാമഹിമയാർന്നുമഹീതലത്തിൽ
ശോകാന്തകാരമഖിലംസുഖദീപ്തമാക്കി
ശ്രീകൃഷ്ണദർശനനിയോഗവുമങ്ങുസിദ്ധി-
ച്ചാകൃഷ്ടനായിജഗദീശ്വരലീലയിൽനീ

5

ഫുല്ലാരവിന്ദമകരന്ദസുഗന്ധസൂക്തം;
മെല്ലേപൊഴിച്ചുസുഖസുന്ദരഗന്ധിയായി,
വല്ലായ്മതെല്ലുമകതാരിലിയറ്റിടാതെ,
കല്യാണരൂപ,കരളിൽകളിയാടുകെന്നും!

6

ജന്മാന്തരസുകൃതമാല്യമണിഞ്ഞുമണ്ണിൽ
സൻമാർഗദർശനതപസ്സിലലിഞ്ഞുമോദാൽ;
സാഷ്ടാംഗമങ്ങുപ്രണമിച്ചുപ്രഭോ, പ്രപഞ്ച-
സ്രഷ്ടാവുതന്നരികിൽനീയുപവിഷ്ടനായി

7

വിദ്യുൽപ്രകാശപരിരംഭണഭാനുബിംബം
പ്രദ്യോതനപ്രഭൃതിപൂണ്ടുപ്രഹൃഷ്ടമായി
പൃഥ്വീതലത്തിലനുസ്യൂതമുദിച്ചിടുംപോൽ
ചിത്തേഗമിച്ചുതിരുദർശനമേകിടുനീ

8

ശ്രീരാമദാസഹനുമദ്മഹിതപ്രഭാവം;
ശ്രീനീലകണ്ഠഗുരുപാദവരപ്രസാദം
ശ്രീഭൂവിലാർദ്രമതിപാവനമാത്മസാരം
ശ്രീയാർന്നുനിന്നിൽവിലസുന്നുവിധിപ്രകാരം.

9

ധർമംവെടിഞ്ഞുമലർശയ്യകൾപൂകിടാതെ;
കർമംനടത്തിമനുവംശജരെത്തുണയ്ക്കാൻ
ജന്മംതുടിക്കുമണിവല്ലകിമീട്ടിനാഥൻ
നർമംവിടർന്നമൃദുഗീതികളാലപിപ്പൂ.

10

സാനന്ദമോടെസകലാത്മസമസ്യയായി
ചേണുറ്റൊരെൻമനസ്സിലാർദ്രമനാദിസത്യം
നീയേകിടുന്നുബതനിത്യസമാഗമത്താ-
ലായുസ്സുയർത്തിജനികർമ്മനിവർത്തികൾക്കായ്

11

ഈലോകസീമകൾകടന്നുനടന്നുനീങ്ങാ-
നാലോലമാത്മസരസ്സിൽവിരിയുന്നൊരോമൽ
പൂപോലുണർന്നുനിറവാർന്നയതീശ്വരാനീ
കാലേകനിഞ്ഞുകനകാഭപരത്തുകെന്നിൽ.

12

വേദാന്തചിന്തയിലിയന്നുസമത്വഭാവം
മോദേനയിങ്ങുചൊരിയുന്നുചിരംചിരംനീ
പാദാന്തികേ;സുമനസാന്ദ്രസുഗന്ധസൂനം
കേദാരനാഥ;തവചിന്തയിൽഞാനുതിർപ്പൂ

13

ബ്രഹ്മാണ്ഡകോടികൾകരത്തിലൊതുക്കിനിർത്തി
സമ്മോഹനസ്മൃതികൾതൂകിയതുല്യമായി
ചിൻമുദ്രപൂണ്ടുതപമാർന്നുമനുഷ്യജന്മം
ഉൺമയ്ക്കുവേണ്ടിപരിപാകതയാക്കിമാറ്റാൻ

14

ദൈ്വതം രചിച്ചുഭുവനത്തിലജയ്യനായ-
ദ്വൈതംവരിച്ചുഗുരുഭൂതിയിലായമർന്നും,
നാദപ്രപഞ്ചപരിലാളപരാത്പരത്വം;
ദ്യോതിച്ചുമാദിമഹസ്സായുണരുന്നഹോനീ

15

പൂവായ്വിടർന്നുസദയംമധുതൂകിനിന്നും,
നല്ലാവായ്പടർന്നുപദാവലിനാവിലാർന്നും,
രാവായുയർന്നുതിരുവാതിരയായ്നിറന്നും,
മേവുന്നിതെൻമനസ്സിൽനീനിരവദ്യമെന്നും

16

വാഴ്വിൻരഹസ്യമതുതേടിയലഞ്ഞിടുമ്പോൾ
ആഴത്തിലങ്ങൊരനുഗാനമുയർന്നുകേട്ടേൻ
ആഗാനശീലുകളിൽനിന്നുമവർണനീയ
സംഗീതമായൊഴുകിയെത്തിയനശ്വരംനീ

17

വേരൊന്നമർത്തിനിലനിർത്തുവതിന്നുവേണ്ടി
ചാരേയണഞ്ഞുകനിവാർന്നൊളിചിന്നിയാലും
നേരിന്നുനേരുപൊഴിയാത്തമനുഷ്യവർഗ്ഗം;
ആരിന്നറിവു,തവവൈഭവമൊട്ടുപാരിൽ!

18

എന്തെന്തുസംഗതികളൊന്നിനുമീതെയൊന്നായ്
ചിന്തിച്ചിടുന്നുജനമീയുലകത്തിലെന്നും
എല്ലാമൊരുഞൊടിയിലിങ്ങടിയുന്നനാൾകൾ
തെല്ലുംവിദൂരതയിലല്ലനമുക്കുമുന്നിൽ;

19

എന്നോർത്തിരുന്നുമിഴിനീരുപൊഴിച്ചിടുമ്പോൾ
വന്നെന്നിൽനീമൃതസജ്ജീവനിമന്ത്രമായി
എന്നെപ്പുണർന്നുയുഗകാരണകാര്യമൊന്നായ്
ചൊന്നെന്നിലാത്മബലമേകിമഹത്വപൂർണം

20

നിർമ്മാല്യപൂജയിൽനിമഗ്നമൊടങ്ങുറച്ചും,
കർപ്പൂരനാളമതുമാറൊടുചേർത്തുവച്ചും,
നിർവേദമൊക്കെനിരുപാധികമായ്ഹനിച്ചും,
നിർമോഹരാഗമകതാരിലഭംഗുരിച്ചും;

21

അഷ്ടാംഗയോഗമതിധന്യമൊടാചരിച്ചും,
അഷ്ടൈശ്വര്യങ്ങളനുവാസരമുത്ക്രമിച്ചും,
വ്യഷ്ടിസമഷ്ടിയുഗഭാവനകൾപൊഴിച്ചും,
സൃഷ്ടി,സ്ഥിതി,പ്രളയകാരണമായ്രമിച്ചും;

22

'ഞാ'നെന്നഡംഭമതുദുർഗുണമായ്ഗണിച്ചും
ഞാനെന്നഭാവമതുസദ്ഗുണമായ്ഗണിച്ചും
ആനന്ദമാത്മസുഖമാക്കിയചഞ്ചലത്വം
താനേധ്വനിച്ചു,മനമാര്യതകൈവരിച്ചും,

23

നീലാംബരജ്ജ്വലിതസൂര്യകരങ്ങളായി;
ഭൂലോകമാകെയതിസുന്ദരകാന്തിചിന്നി,
ശീലങ്ങളൊക്കെമറയാക്കിമനുഷ്യനന്മ-
ക്കാലോകമിങ്ങുസുരഭാവനകൾവിതച്ചും

24

ശ്രീരാമചന്ദ്രമഹിതപ്രഭയിൽലയിച്ചും
ശ്രീരാമപാദകമലങ്ങളിലായ്നമിച്ചും
ശ്രീരാമനാമമവിരാമമുരുക്കഴിച്ചും
യോഗീശ്വരപ്രകൃതിയായിലസിച്ചിതേനീ

25

ലക്ഷ്യങ്ങൾതെറ്റിയൊഴുകുംപുഴയെന്നപോലെ;
പ്രക്ഷുബ്ധമാർന്നുഭുവനത്തിലതീവദൈന്യം
ജന്മംവൃഥാവികലമാക്കിയലസ്സമായി;
തന്നിഷ്ടമോടെനടകൊണ്ടൊരുവേളയിങ്കൽ

26

നീവന്നുസദ്ഗതികൾനേർന്നുവിഭൂതിയാർന്നെൻ
ജീവന്റെജീവനിലൊരത്ഭുതദീപമായി
കാവ്യപ്രബോധനകലാതിസമസ്തവുംപൊൻ
നാവാലുതിർത്തുമമഹൃത്തിലഹോവിചിത്രം!

27

എല്ലാംവെടിഞ്ഞുമമജീവനുമങ്ങപാര-
സ്വർലോകവാടമതുപൂകിടുമെങ്കിലും ഹാ!
ഇല്ലില്ലെനിക്കരിയശോകമകറ്റുവാനായ്
തെല്ലുംമനസ്സിലവലംബനമൊന്നുവേറെ

28

തൻപൈതലെത്രകുസൃതിത്തരമങ്ങുകാട്ടി-
ച്ചെന്നാലുമമ്മക്ഷമയേകിടുമെന്നപോലെ;
എന്നുള്ളിലായ്ഗുരു,കടാക്ഷമനർഗ്ഗളംനീ
നന്നായ്പൊഴിച്ചമരഭാവനതൂകിയാലും.

29

ആരമ്യഭാവഭവഭാവുകമാർന്നമണ്ണിൽ
ആരബ്ധകർമതിധന്യതയായിടാനായ്
ആരാധ്യപാദുകമതിങ്കലണഞ്ഞുജന്മ-
സാരംഗ്രഹിച്ചുനിജപാതകൾപൂകിടുന്നേൻ.

30

ആവില്ലെനിക്കുതവചിന്തയിൽനിന്നുവേറി-
ട്ടേവംമനസ്സിനെമഹൈശ്വര്യമാക്കിമാറ്റാൻ
ആവൂ,കനിഞ്ഞഴൽകെടുത്തിയനിശ്ശമെന്റെ;
ജീവന്റെയുള്ളിൽവിളയാടുകസദ്ഗുരോനീ